**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം.*609** — **02/04/2018 ൽ മറുപടിക്ക്**

## ഖാദി ഗ്രാമ വ്യവസായം

**ചോദ്യം**
**ശ്രീ.എം.ഉമ്മർ**
**ശ്രീ.സി.മമ്മൂട്ടി**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ.കെ.എം.ഷാജി**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സർക്കാർ സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചു, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കുക (നൂല്ലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 180 പൈസയും) , ഇ.എസ്.ഐ ക്ഷേമനിധി ആനുകൂല്യങ്ങൾ , അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ , കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം എന്നിവയെല്ലാം ഖാദി മേഖലയിൽ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. കൂടാതെ ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും അത് പ്രകാരം അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും , ത്രിതല |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ , ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികളും ഖാദി മേഖലയിൽ നടപ്പിലാക്കി വരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. |
| (ബി) | ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്; | (ബി | ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് മേൽ പറഞ്ഞ ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ , വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് 2016-17 ൽ അനുവദിച്ച 8 ലക്ഷം രൂപയും, 2017-18 ൽ അനുവദിച്ച 10 ലക്ഷം രൂപയും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2018-19 ൽ 15 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പി.എം.ഇ.ജി.പി.പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണിക്കുമോ; | (സി) | ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പദ്ധതിയാണ് പി.എം.ഇ.ജി.പി പദ്ധതി. നിലവിൽ സേവന മേഖലയിൽ 10 ലക്ഷം രൂപ വരെയും ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപ വരെയും വായ്പ ലഭ്യമാക്കി പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് 25% മുതൽ 35 % |

| | | | |
|---|---|---|---|
| | | | വരെ കേന്ദ്ര ഖാദി കമ്മീഷൻ മുഖേന സബ്സിഡി നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ഡി) | ഖാദി ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ഡി) | ഖാദി ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും വർഷാവർഷം ബോർഡിന്റെ മേൽ നോട്ടത്തിൽ ഓണം, വിഷു,ബക്രീദ്, ക്രിസ്തുമസ് , ഗാന്ധിജയന്തി തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക മേളകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി പ്രത്യേക റിബേറ്റും അനുവദിച്ച് വരുന്നുണ്ട്. ഓണം മേളകളിൽ പ്രത്യേക സമ്മാന പദ്ധതികൾ നടപ്പിലാക്കുകയും ഖാദി ബോർഡിന്റെ തൊഴിൽദാന പദ്ധതികൾ മുഖേന ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭകരുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. വിപണന പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ സംരംഭകർ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉല്പന്ന ങ്ങൾ ഖാദി ഷോറൂമുകൾ വഴി വിറ്റഴിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**